പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2693

12/03/2018 -ൽ മറുപടിക്ക്

## വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ് ഷിപ്പ് റദ്ദ് ചെയ്തതിനാൽ ഗവേഷണം തുടരാൻ ബുദ്ധിമുട്ടനുഭവിച്ച ഗവേഷകർ

| ചോദ്യം<br>ശ്രീ.കെ.ദാസൻ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) യു.ജി.സി.യുടെ 2016 റഗുലേഷൻ പ്രകാരം നിലവിൽ കോളേജുകളിലോ സർവ്വകലാശാലകളിലോ ജോലിയെടുത്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് മാത്രമേ ഗവേഷക വിദ്യാർത്ഥികളുടെ ഗൈഡായി പ്രവർത്തിക്കാനാവൂ എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ റഗുലേഷൻ പ്രകാരം വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ്പ് റദ്ദ് ചെയ്തതിനാൽ ഗവേഷണം തുടരാൻ ബുദ്ധിമുട്ടനുഭവിച്ച ഗവേഷകരുടെ പേരും മറ്റ് വിശദാംശങ്ങളും സർവ്വകലാശാല, വിഷയ വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;<br><br>(സി) ഈ റഗുലേഷൻ പ്രകാരം വിരമിച്ച അദ്ധ്യാപകരുടെ ഗൈഡ്ഷിപ്പ് ഒഴിവാക്കുമ്പോൾ അവരുടെ മേൽനോട്ടത്തിൽ ഗവേഷണം ആരംഭിച്ച വിദ്യാർത്ഥികൾക്ക് ഗവേഷണം തുടരാനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം ക്രമീകരണങ്ങളുടെ വിശദാംശങ്ങൾ സർവ്വകലാശാല, പഠന വകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (ബി) (സി) & (ഡി) കേരള സർവ്വകലാശാലയിൽ യു.ജി.സി. 2016 റെഗുലേഷന്റെ പരിധിയിൽ വരുന്ന ആർക്കും തന്നെ വിരമിച്ച അദ്ധ്യാപകർക്ക് കീഴിൽ രജിസ്ട്രേഷൻ നൽകിയിട്ടില്ല. എന്നാൽ ഇവരുടെ ഗവേഷണം പുരോഗമിക്കുന്നതിനിടയിൽ അദ്ധ്യാപകൻ വിരമിക്കുന്ന പക്ഷം ഗവേഷകരെ യോഗ്യരായ ഗൈഡുമാർക്ക് കീഴിൽ ഡോക്ടറൽ കമ്മിറ്റി മാറ്റി നൽകുന്നതാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ 2016ലെ യു.ജി.സി റെഗുലേഷന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഗവേഷണ നിയമാവലി പ്രകാരം അദ്ധ്യാപനത്തിൽ നിന്നും വിരമിക്കുന്ന ഗവേഷണ ഗൈഡുകൾക്ക് വിരമിക്കുന്ന സമയത്ത് അവരുടെ കീഴിൽ രജിസ്ട്രേഷ |

(ഡി) ഗൈഡ് ഷിപ്പ് ചെയ്ഞ്ച് ചെയ്യാൻ സാധിക്കാതെ ഗവേഷണം തുടരാനാവാത്ത ഗവേഷക വിദ്യാർത്ഥി കളുണ്ടെങ്കിൽ അത്തരം ഗവേഷക വിദ്യാർത്ഥി കളുടെ പേര് വിവരവും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ; ഗവേഷണം തുടരുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ വിശദമാക്കാമോ?

നെടുത്തിട്ടുള്ള ഗവേഷണ വിദ്യാർത്ഥികളുടെ മേൽ നോട്ടം തുടരാനുള്ള അനുമതിയുള്ളതിനാൽ അത്തരം ഗവേഷകർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി.സി.യുടെ 2016 റെഗുലേഷൻ നടപ്പിലാക്കിയതിനുശേഷം വിരമിച്ച അദ്ധ്യാപകർക്ക് ഗൈഡ്ഷിപ്പ് അനുവദിക്കുന്നില്ല. സംസ്ഥാനത്തെ ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ഡോ.ജെ.രാജന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കേരളത്തിലെ ഗവേഷണ രംഗത്ത് റെഗുലേഷൻ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ MHRDയുടെയും യി.ജി.സി.യുടെയും ശ്രദ്ധയിൽ കൊണ്ടു വരാൻ കഴിയുമെന്ന് കരുതുന്നു.

**സെക്ഷൻ ഓഫീസർ**